**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6779** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ വഴി നൽകി വരുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളി ക്ഷേമനിധി ബോർഡുകൾ വഴി ഏതെല്ലാം വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ; | (എ) | അനുബന്ധം 1 ആയി ചേർക്കുന്നു |
| (ബി) | അംശദായം എല്ലാ ബോർഡുകളിലും ഓൺലൈനായി അടക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | അനുബന്ധം 2 ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

1. **കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്**

കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായ കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന തൊഴിലാളികൾക്കും സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകൾക്കും വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ആനുകൂല്യം, ക്യാഷ് അവാർഡ്, ചികിത്സാ സഹായം, മരണാനന്തര സഹായം, മരണാനന്തര ചെലവ്, അംശാദായം തിരിച്ചുനൽകൽ എന്നിവയും പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ എന്നീ ആനുകൂല്യങ്ങളും നൽകി വരുന്നു.

2. **കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡ്**

കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ഗാർഹിക തൊഴിലാളി, ബാർബർ ബ്യൂട്ടീഷ്യൻസ്, അലക്ക് തൊഴിലാളി, പാചക തൊഴിലാളി, ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിൽ അല്ലാത്ത ക്ഷേത്രങ്ങളിൽ ദിനവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ജീവനക്കാർ, മറ്റ് കൈത്തൊഴിലാളികൾ എന്നിവർക്ക് പദ്ധതി വ്യവസ്ഥകൾക്ക് വിധേയമായി റിട്ടയർമെന്റ് ആനുകൂല്യം, പ്രസവ ധനസഹായം, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, മരണാനന്തര ചെലവുകൾ, വിവാഹനുകൂല്യം എന്നിവയും വീട് നിർമ്മാണം, സ്വയം തൊഴിൽ എന്നീ ആവശ്യങ്ങൾക്കായി പലിശ രഹിത വായ്പയും അനുവദിക്കുന്നു.

3. **കേരള അബ്ക്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്,**

കേരള അബ്ക്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അംഗ ങ്ങളായ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യ, മരണാന്തര ധനസഹായം, ചികിത്സാ ധനസഹായം, മാരകരോഗ ചികിത്സാ ധനസാഹയം, സ്കോളർഷിപ്പ്, ഗ്രാറ്റുവിറ്റി, പെൻഷൻ, മരണമടഞ്ഞ പെൻഷണറുടെ ആശ്രിതർക്ക് കുടുംബ പെൻഷൻ എന്നിവ നൽകിവരുന്നു.

4. **കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്,**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അസംഘടിതരായ കർഷക തൊഴിലാളികളുടെ ക്ഷേമത്തിനായി അധിവർഷാനുകൂല്യം, വിവാഹധനസഹായം, പ്രസവധനസഹായം. വിദ്യാഭ്യാസ സഹായം (SSLC-Professional PG), ചികിത്സാ ധനസഹായം മരണാനന്തര സഹായം എന്നിവ നൽകിവരുന്നു.

5. **കേരള ബീഡി & സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്,**

കേരള ബീഡി & സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്കും തൊഴിലാളികളുടെ പെൺമക്കൾക്കും വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം, സാമ്പത്തിക താങ്ങൽ പദ്ധതി പ്രകാരമുള്ള

സാമ്പത്തിക സഹായം എന്നീ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്.

6. **കേരള കാഷ്യൂ വർക്കേഴ്സ് റിലീഫ് &വെൽഫെയർ ഫണ്ട് ബോർഡ്,**

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തിട്ടുള്ള തൊഴിലാളികൾക്കായി സ്കോളർഷിപ്പ്, ക്യാഷ് അവാർഡ്, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ സഹായം, പെൻഷൻ , ശവസംസ്കാര സാമ്പത്തിക സഹായം, പ്രകൃതി ദുരന്ത ധനസഹായം എന്നിവ നൽകിവരുന്നു.

7. **കേരള ഹാന്റ് ലൂം വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്,**

കേരള ഹാന്റ് ലൂം വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും കൈത്തറി അനുബന്ധ ജോലികൾ ചെയ്തുവരുന്ന അംഗങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം, അംഗം മരണപ്പെട്ടാൽ ആശ്രിത ധനസഹായം, സാമ്പത്തിക താങ്ങൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യം, പെൻഷൻകാർക്ക് പെൻഷൻ എന്നിവ നൽകിവരുന്നു.

8 **കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്**

കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് **അൺ അറ്റാച്ച്ഡ് വിഭാഗം** രജിസ്റ്റേഡ് തൊഴിലാളികൾക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ്, തൊഴിലാളികളുടെ ആശ്രിതർക്കുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ്, ആശ്രിതരുടെ പ്രത്യേക ചികിത്സ, ചികിത്സ ദുരിതാശ്വാസ സഹായ പ്ലാൻ, തൊഴിലാളികളുടെ പ്രത്യേക ചികിത്സ, അതീവ ഗുരുതരവും ദീർഘകാലം ചികിത്സ ആവശ്യവുമായ രോഗങ്ങൾക്ക് തൊഴിലാളികൾക്കുള്ള ധനസഹായം, മരണാനന്തര ദുരിതാശ്വാസ സഹായം (ആശ്രിതർ), പ്രസവാനുകൂല്യം, വിവാഹ ഗ്രാന്റ്, വിവാഹ ധനസഹായ പ്ലാൻ, കലാമിറ്റി റിലീഫ്, സൂപ്പർ ആന്വേഷൻ അസിസ്റ്റൻസ്, വിശ്രമ കേന്ദ്രം, ഡെത്ത് എക്സ്ഗ്രേഷ്യ, സ്പെഷ്യൽ ഡെത്ത് എക്സ്ഗ്രേഷ്യ, മരണാനന്തര ആശ്വാസ സഹായം, ഫാമിലി പ്ലാനിംഗ് അസിസ്റ്റൻസ്, വിദ്യാഭ്യാസ ധനസഹായം, അവാർഡ് ഓഫ് സ്കോളർഷിപ്പ് (5-ാം ക്ലാസ് മുതൽ പ്രൊഫഷണൽ വിദ്യാഭ്യാസം വരെ) വിദ്യാഭ്യാസ വായ്പ, ഫാമിലി വെൽഫെയർ സ്കീം, സൂപ്പർ ആന്വേഷൻ/വി.ആർ.എസ് പെൻഷൻ, ഫാമിലി പെൻഷൻ, ഇൻവാലിഡ് പെൻഷൻ, ഇ.സി.സി, അവധി ദിന വേതനം, ബോണസ്, ഉത്സവ വായ്പ, റീഡിംഗ് ലോൺ, ഭവന വായ്പ എന്നിവ അനുവദിച്ചുവരുന്നു.

കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് **സ്കാറ്റേർഡ് വിഭാഗം** രജിസ്റ്റേഡ് തൊഴിലാളികൾക്ക് മരണാന്തര ധനസഹായം, ശാരീരിക അവശതയ്ക്കുള്ള ധനസഹായം ചികിത്സാ ധനസഹായം, ആശ്രിത മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം, ഡെത്ത് കം റിട്ടയർമെന്റ്, പെൻഷൻ എന്നിവ നല്കുന്നു.

9 **കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്,**

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ ഫാക്ടറികൾ, വൻകിട തോട്ടങ്ങൾ, സഹകരണ/ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പുറമേ കെ.എസ്.ആർ.ടി.സി-യും ബാങ്കിംഗ് സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുന്നു. ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, മരണാനന്തര ചിലവിനുള്ള ധനസഹായം, അപകടമരണ ധനസഹായം, ജോലിയിലിരിക്കെ അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് സാമ്പത്തിക സഹായം, ഭിന്ന ശേഷിക്കാരായ മക്കളുള്ള തൊഴിലാളികൾക്ക് ധനസഹായം, ലൈബ്രറി ഗ്രാന്റ്, ഐ.ടി.ഐ പരിശീലന പദ്ധതി, മെഡിക്കൽ/എഞ്ചിനീയറിംഗ് പരിശീലനത്തിനുള്ള ധനസഹായം, കമ്പ്യൂട്ടർ കോഴ്സ് പരിശീലന പദ്ധതി, സിവിൽ സർവ്വീസ് പരിശീലനത്തിനുള്ള ധനസഹായം, ടൂർ സബ്സിഡി എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു.

10 **കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്,**

ടി ബോർഡിൽ രജിസ്റ്റർ ചെയ്ത് അംശാദായം ഒടുക്കി വരുന്ന ഓട്ടോ റിക്ഷാ, ടാക്സി, ഗുഡ്സ്, സ്റ്റേജ് ഗാരേജ്/ കോൺട്രാക്ട് ഗാരേജ് എന്നീ വിഭാഗത്തിലുള്ള തൊഴിലാളികൾക്ക് പെൻഷൻ, അവശതാ പെൻഷൻ, സ്വയം വിരമിക്കൽ പെൻഷൻ അപകട മരണാനന്തര ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, അപകട ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, സ്കോളർഷിപ്പ്, ശവസംസ്കാര ചടങ്ങിനുള്ള ധനസഹായം, കുടുംബപെൻഷൻ, ഏതസുഖത്തിനും 72 മണിക്കൂറെങ്കിലും ആശുപത്രിയിൽ കിടത്തി ചികിത്സിക്കപ്പെടുന്നവർക്കുള്ള ധനസഹായം (മരുന്ന് ചിലവ് മാത്രം) പ്രസവ ധനസഹായം (പരമാവധി 2 പ്രസവത്തിന്) എന്നിവ നൽകിവരുന്നു.

11. **കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്,**

കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായിട്ടുള്ള ചെത്ത് തൊഴിലാളികൾക്കും വിൽപ്പന തൊഴിലാളികൾക്കും അപകട ഇൻഷുറൻസ് പദ്ധതി (കോമ്പൻസേഷൻ പദ്ധതി പ്രകാരമുള്ള ധനസഹായം) സ്കോളർഷിപ്പ്, മരണാനന്തര ധനസഹായം, അവശതാ ധനസഹായം, വിവാഹ ധനസഹായം, ലാപ്ടോപ്പ് പദ്ധതി, പാരിതോഷികം നൽകുന്ന പദ്ധതി, പരിഷ്കരിച്ച പെൻഷൻ പദ്ധതി, കുടുംബ പെൻഷൻ പദ്ധതി, പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ മരണപ്പെടുന്ന തൊഴിലാളിയുടെ ഭാര്യ/ഭർത്താവിന് കുടുംബ പെൻഷൻ നൽകുന്നത പദ്ധതി, വിരമിച്ച ശേഷം മരണപ്പെട്ട വിധവകളുടെ ധനസഹായം പദ്ധതി, മരണപ്പെടുന്ന തൊഴിലാളികളുടെ വിധവകൾക്കുള്ള സാന്ത്വന പദ്ധതി , കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം

തൊഴിലാളികളുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിന്നും തിരിച്ചടക്കേണ്ടാത്ത അഡ്വാൻസുകൾ എന്നിവ നൽകിവരുന്നു.

12. **കേരള ഈറ്റ, കാട്ടുവള്ളി, തഴ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്,**

ഈറ്റ, കാട്ടുവള്ളി, തഴ, ചൂരൽ എന്നീ മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് വിവാഹ ധനസഹായം, പ്രസവ ധനസഹായം, എസ്.എസ്.എൽ.സി സ്കോളർഷിപ്പ്, കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള അഡ്വാൻസ്, ചികിത്സാ സഹായം, സാമ്പത്തിക താങ്ങൽ പദ്ധതി, പദ്ധതി/പദ്ധതി ഇതര പെൻഷൻ, മരണാന്തര സഹായം എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു.

13 **കേരള സ്മാൾ പ്ലാന്റേഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്,**

ടി ബോർഡിന് കീഴിൽ അംശദായം അടച്ച് അംഗത്വം എടുത്തവർക്ക് പെൻഷൻ, അവശതാപെൻഷൻ, കുടംബ പെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, അബോർഷൻ ആകുന്ന സ്ത്രീ അംഗത്തിനുള്ള സഹായം എന്നിവ നൽകിവരുന്നു.

14 **കേരള ജ്വലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്,**

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പരമ്പരാഗത ആഭരണ തൊഴിലാളികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, പെൻഷൻ എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു.

15. **കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്,**

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അംഗ തൊഴിലാളികൾക്ക് പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, സാന്ത്വന ധനസഹായം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, സാധാരണ രോഗ ചികിത്സാ ധനസഹായം, മാരക രോഗ ചികിത്സാ ധനസഹായം, കണ്ണ് ഓപ്പറേഷൻ, ചിക്കൻ പോക്സ്, പേപ്പട്ടി വിഷബാധ, പാമ്പുകടി എന്നിവയ്ക്കുള്ള ചികിത്സാ ധനസഹായം, അപകട ചികിത്സാ ധനസഹായം, അപകടത്തെ തുടർന്ന് അവശത സംഭവിച്ചാലുള്ള ധനസഹായം, എസ്.എസ്.എൽ.സി പഠന സഹായം, ക്യാഷ് അവർഡ്, ഉന്നത വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം, മെഡിക്കൽ/എഞ്ചിനീയറിംഗ എൻട്രൻസ് കോച്ചിംഗിനുള്ള ധനസഹായം, മരണാനന്തര ധനസഹായം, അപകടമരണ ധനസഹായം, മരണാനന്തര ചെലവിനുള്ള ധനസഹായം, ഭവന നിർമ്മാണ വായ്പ, ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ, റി-ഫണ്ട് എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു.

16. **<u>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

ടി ബോർഡിൽ സംസ്ഥാനത്തെ തയ്യൽ തൊഴിലാളികൾക്കും തയ്യൽ സ്വയം തൊഴിലായി സ്വീകരിക്കുകയും , എംബ്രോയ്ഡറി ജോലിയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അംഗത്വം നൽകുകയും അംശദായം സ്വീകരിച്ച് അതിലൂടെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് റിട്ടയർമെന്റ് പെൻഷനും (സർക്കാർ ധനസഹായത്തോടെ) ആനുകൂല്യങ്ങളും, കുടുംബപെൻഷൻ, അംഗങ്ങളുടെ അവശതാ പെൻഷൻ, മരണാനന്തര ധനസഹായം, ശവസംസ്കാരത്തിനുള്ള ധനസഹായം, അംഗങ്ങളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ്, ക്യാഷ് അവാർഡ്, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേക പ്രസവ ധനസഹായം എന്നിവ നൽകിവരുന്നു

സെക്ഷൻ ഓഫീസർ

## അനുബന്ധം -2

1. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ അംശദായം സ്വീകരിക്കുന്നതിന് ഓൺലൈൻ സംവിധാനം നിലവിലുണ്ട്.
2. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് , കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം) , കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്,എന്നീ ബോർഡുകളിൽ അംശാദായം ഓൺലൈൻ മുഖേനയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
3. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് , കേരള ഈറ്റ, കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ അംശാദായം ഓൺലൈൻ മുഖേനയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

(signature)
സെക്ഷൻ ഓഫീസർ